## പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2139 | 01.02.2018 ൽ മറുപടിയ്ക്ക് |
|---|---|
| **സ്ത്രീകൾക്കും കുട്ടികൾക്കുമായുള്ള പദ്ധതികൾ** | |
| ചോദ്യം | ഉത്തരം |
| **ശ്രീ.കെ. കൃഷ്ണൻകുട്ടി<br>,, സി.കെ.നാണു<br>,, എ. കെ. ശശീന്ദ്രൻ<br>,, കോവൂർ കുഞ്ഞുമോൻ** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് പ്രധാനമന്ത്രി മാതൃ വന്ദന യോജന എന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിവരങ്ങൾ നല്കാമോ; | (എ)കേന്ദ്ര സർക്കാർ 01.01.2017 മുതൽ ആവിഷ്കരിച്ച് നടപ്പാക്കുന്ന മാതൃത്വ സഹായ പദ്ധതിയാണ് പ്രധാനമന്ത്രി മാതൃ വന്ദന യോജന (PMMVY). കേരളത്തിൽ പ്രസ്തുത പദ്ധതി നടപ്പാക്കുന്നത് വനിതാ ശിശു വികസന വകുപ്പ് പദ്ധതി മുഖേനയാണ്.<br>സ്ത്രീകൾക്ക് അവരുടെ ഗർഭ/പ്രസവകാലയളവിലുണ്ടാകുന്ന തൊഴിൽ/വരുമാന നഷ്ടം ഒരു പരിധി വരെ പരിഹരിക്കുന്നതിനും ഗർഭ/പ്രസവ കാലയളവിൽ സ്ത്രീക്കും കുഞ്ഞിനും ആവശ്യമായ പോഷക പരിചരണം ഉറപ്പാക്കുന്നതിനും ലക്ഷ്യമിട്ടു കൊണ്ടാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. 01.01.2017 നോ അതിനുശേഷമോ ഗർഭിണികളായവർക്കും പാലൂട്ടുന്ന അമ്മമാർക്കും അവരുടെ ആദ്യ പ്രസവത്തിന് അർഹതയുടെ അടിസ്ഥാനത്തിൽ ആധാർ ലിങ്ക്ഡ് അക്കൗണ്ടിലേയ്ക്ക് PFMS വഴി നേരിട്ട് ധനസഹായം നിക്ഷേപിക്കുന്നു. ഒരു ഗുണഭോക്താവിന് 5,000/- രൂപ (അയ്യായിരം രൂപ മാത്രം) ആണ് 3 ഗഡുക്കളായി നൽകുന്നത് |
| (ബി) സംസ്ഥാനത്തെ സ്ത്രീകൾക്കും കുട്ടികൾക്കുമായുള്ള പദ്ധതികളുടെ വിവരങ്ങൾ നല്കാമോ? | (ബി) സംസ്ഥാനത്തെ സ്ത്രീകൾക്കും കുട്ടികൾക്കുമായി ചുവടെപറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>അങ്കണവാടികൾ മുഖേന മൂന്നു മുതൽ ആറു വയസ്സ് വരെയുള്ള കുട്ടികൾക്ക് അനൗപചാരിക പ്രീപ്രൈമറി വിദ്യാഭ്യാസം, രോഗ പ്രതിരോധ പ്രവർത്തനങ്ങൾ, അനുപൂരക പോഷകാഹാര പദ്ധതി,<br>കൗമാരക്കാരായ കുട്ടികളുടെ ശാരീരിക മാനസിക |

| | |
|---|---|
| | വൈകാരിക പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് സ്കൂൾ കൗൺസിലിംഗ്- സൈക്കോസോഷ്യൽ സർവ്വീസ്,<br>പതിനൊന്ന് മുതൽ പതിനെട്ട് വയസ്സുവരെയുള്ള കൗമാരക്കാരായ പെൺകുട്ടികളുടെ ആരോഗ്യ പോഷണ നിലവാരം, സ്കിൽസ്എന്നിവ ഉയർത്തുന്നതിനുള്ള പദ്ധതിയായ സ്കീം ഫോർ അഡോളസന്റ് ഗേൾസ് (SAG) പദ്ധതി,<br>സംഘടിത അസംഘടിത മേഖലകളിൽ സേവനമനുഷ്ഠിക്കുന്നവരുടെ കുട്ടികളെ പകൽ സമയങ്ങളെ സുരക്ഷിതമായി പരിചരിക്കുക എന്ന ഉദ്ദേശത്തോടെ നടപ്പിലാക്കിവരുന്ന നാഷണൽ ക്രഷ് സ്കീം പദ്ധതി,<br>അന്യസംസ്ഥാന തൊഴിലാളികളുടെ കുട്ടികളെ പകൽസമയങ്ങളിൽ സംരക്ഷിക്കുന്നതിനായി നടപ്പിലാക്കുന്ന മൊബൈൽ ക്രഷ് പദ്ധതി,<br>പെൺകുട്ടികളുടെ ശാക്തീകരണവും വിദ്യാഭ്യസം എന്നിവ ലക്ഷ്യമാക്കി തൃശ്ശൂർ ജില്ലയിൽ നടപ്പിലാക്കി വരുന്ന ബേഠിബച്ചാവോ ബേഠി പഠാവോ പദ്ധതി,<br>കൗമാരക്കാരായ പെൺകുട്ടികളുടെ ശാക്തീകരണത്തിനായി നടപ്പിലാക്കുന്ന കിശോരി ശക്തിയോജന പദ്ധതി,<br>അട്ടപ്പാടി അങ്കണവാടികളിൽആരംഭിച്ച ഉച്ചഭക്ഷണ പരിപാടി (അന്നപ്രദായിനി പദ്ധതി)<br>ശിശു മരണ നിരക്ക് നിയന്ത്രണവിധേയമാക്കുന്നതിനായി നടപ്പിലാക്കുന്ന ജാതക് ജനനി പദ്ധതി എന്നിവക്കു പുറമെ സ്ത്രീകൾക്കായുള്ള സ്വാധാർ സ്കീം, ഉജ്ജ്വല, എന്നീ പദ്ധതികളും, സ്ത്രീ സുരക്ഷക്കായി അഭയകിരണം, വൺഡേ ഹോം, കൈതാങ്ങ്, നിർഭയ എന്നീ പദ്ധതികളും നടപ്പിലാക്കി വരുന്ന |

സെക്ഷൻ ഓഫീസർ